**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4445** **19-07-2022 - ൽ മറുപടിയ്ക്ക്**

**മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രത്യക കോച്ചിങ്ങ് സെന്ററുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി ജില്ലാ തലത്തിൽ ടോപ്പേഴ്സ് അക്കാഡമി എന്ന സ്ഥാപനം എംപാനൽ ചെയ്തിട്ടുണ്ട്. ഇവിടെ പഠിക്കുന്ന +1,+2 കോഴ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ /എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാ പരിശീലനത്തിനായി ആനുകൂല്യം അനുവദിച്ച് വരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട സ്കൂൾ, കോളേജ്, പ്രൊഫഷണൽ കോളേജ് തലത്തിൽ പഠിക്കുന്ന എത്ര വിദ്യാർത്ഥികളുണ്ടെന്ന് വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കോളേജ്, പ്രൊഫഷണൽ കോളേജ് തലത്തിൽ പഠിക്കുന്ന വിദ്യാർഥികളുടെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഇ-ഗ്രാൻറ്സ് സൈറ്റിൽ ക്രമീകരണം ചെയ്തിട്ടില്ലാത്തതിനാൽ വിവരങ്ങൾ ലഭ്യമല്ല. മങ്കട ബ്ളോക്കിൽ 1 മുതൽ 10 വരെ ക്ളാസുകളിൽ 2322 പട്ടികജാതിവിദ്യാർത്ഥികളും, 6 പട്ടികവർഗ വിദ്യാർത്ഥികളും ഹയർ സെക്കണ്ടറി തലത്തിൽ 8 പട്ടികവർഗ വിദ്യാർത്ഥികളും, കോളേജ് തലത്തിൽ 7 പട്ടികവർഗ വിദ്യാർത്ഥികളും ഉണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും സഹായങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഈ സഹായങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം സഹായങ്ങൾ വിതരണം ചെയ്യുന്നതിനാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | പ്രീമെട്രിക് സ്കോളർഷിപ്പ്, പ്രൈമറി & സെക്കന്ററി എഡ്യൂക്കേഷൻ സ്കോളർഷിപ്പ്, ശ്രീ അയ്യങ്കാളി സ്കോളർഷിപ്പ്, പൊതു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം, മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ധനസഹായം, പാരലൽ കോളേജ് ഇ ഗ്രാൻറ്സ്, ഹോസ്റ്റലിലാണെങ്കിൽ പോക്കറ്റ്മണി, ഹോസ്റ്റൽ ഫീസ് എന്നീ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി വരുന്നു. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് കുടിശ്ശിക ഇല്ല. |

സെക്ഷൻ ഓഫീസർ